# ദേശ് ബചാവോ
# ദേശ് ബനാവോ

## സാമ്രാജ്യത്വ
## ആഗോളവൽക്കരണത്തിനും
## വർഗ്ഗീയ
## ഫാസിസത്തിനുമെതിരെ
## അഖിലേന്ത്യാ പ്രക്ഷോഭ
## പ്രചാരണ യാത്ര

**ജനുവരി 26ന് പ്ലാച്ചിമട (പാലക്കാട്)**

**മുതൽ**

**മാർച്ച് 30 അയോദ്ധ്യ വരെ**

ദേശ് ബചാവോ ദേശ് ബനാവോ അഭിയാനുവേണ്ടി
ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യം
(എൻ.എ.പി.എം.) സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരിക്കുന്നത്
41/1771, വീക്ഷണം റോഡ്, കൊച്ചി - 18
ഫോൺ 0484 2426506, 2424322
(സംഭാവന 10 രൂപ)

# ദേശ് ബച്ചാവോ ദേശ് ബച്ചാവോ

(രാജ്യത്തെ രക്ഷിക്കൂ, രാജ്യത്തെ നിർമ്മിക്കൂ)

ആഗോള വൽക്കരണത്തിനും വർഗീയ ഫാഷിസത്തിനുമെതിരായി അഖിലേന്ത്യാതലത്തിൽ നടത്തുന്ന ഒരു പ്രക്ഷോഭയാത്രയാണ് ദേശ് ബച്ചാവോ ദേശ്ബനാവോ അഭിയാൻ. ഈ രണ്ടു വിപത്തുകളിൽ നിന്നും രാജ്യത്തെ രക്ഷിക്കുന്നതോടൊപ്പം പുതിയൊരു സമൂഹവും രാജ്യവും നിർമ്മിക്കാനുള്ള പ്രവർത്തനവും നടത്തേണ്ടതുണ്ട്. രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാലും അതിനായുള്ള സംഘടനാരൂപങ്ങൾ സൃഷ്ടിക്കലും ഈ യാത്രയുടെ ലക്ഷ്യമാണ്.

ഈ യാത്രയിൽ മേധാ പട്ക്കർ, കുൽദീപ്നയ്യാർ, പ്രഭാസ് ജോഷി. സിദ്ധരാജ് ഭദ്ദ, കിഷൻ പട്നായിക്, സന്ദീപ് പാണ്ഡേ, അരുന്ധതി റോയ്, അരുണാറോയ്, സ്വാമി അഗ്നിവേശ്, യോഗേന്ദ്രയാദവ്, സുനിൽ, രാജേന്ദ്രസിങ്ങ്, തോമസ് കോച്ചേരി തുടങ്ങി നിരവധി പേർ പങ്കെടുക്കുന്നുണ്ട്. കൊക്കോകോള കമ്പനിയുടെ ജലംകൊള്ളമൂലം കുടിവെള്ളവും ജലസേചനവും മുട്ടിയ പാലക്കാട് ജില്ലയിലെ പ്ലാച്ചിമട എന്ന ഗ്രാമത്തിൽ നിന്നും 2003 ജനുവരി 26ന് ആരംഭിക്കുന്ന ഈ യാത്ര ഇരുപതോളം സംസ്ഥാനങ്ങളിലൂടെ കടന്ന് മാർച്ച് 30ന് അയോദ്ധ്യയിൽ സമാപിക്കുന്നു.

1) **ജീവിക്കാനുള്ള അവകാശം, തൊഴിലിനും ഭക്ഷണത്തിനും ആരോഗ്യത്തിനും വിദ്യാഭ്യാസത്തിനുമുള്ള അവകാശം.**
2) **വനം, ജലം, മണ്ണ് തുടങ്ങിയ പ്രകൃതി വിഭവങ്ങൾക്കുമേൽ അതത് സമൂഹങ്ങൾക്കുള്ള അവകാശം**
3) **സുസ്ഥിരവും നീതിപൂർവ്വകവുമായ ബദൽ വികസന മാതൃക**
4) **ജാതിയതയ്ക്കും വർഗീതയ്ക്കുമെതിരായി സമരം ചെയ്തുകൊണ്ട് ദേശീയ ഐക്യം സംരക്ഷിക്കുക**
5) **ജനങ്ങളുടെ പങ്കാളിത്തവും അറിയാനുള്ള അവകാശവും സംരക്ഷിക്കുന്ന സംശുദ്ധ രാഷ്ട്രീയം**

എന്നീ പൊതു ലക്ഷ്യങ്ങൾ മുന്നോട്ടുവച്ചുകൊണ്ടാണ് ഈ യാത്ര നടത്തുന്നത്.ഇതിന്റെ വിജയത്തിനായി എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട്

ആഗോളവൽക്കരണം, ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം എന്നീ പേരുകളിൽ വിദേശി സ്വദേശി കുത്തകമൂലധനവും ബഹുരാഷ്ട്ര കോർപ്പറേറ്റുകളും വിവിധവിഭാഗം ജനങ്ങളുടെ ജീവിതവും ജീവനോപാധികളും തകർത്തുകൊ ണ്ടിരിക്കുന്നു. പ്രാന്തവൽകൃതരും അടിച്ചമർത്തപ്പെട്ടവരുമായ ജനങ്ങളെ കൂടുതൽ ദരിദ്രരും നിരാധാരരും ആക്കുന്നുവെന്നു മാത്രമല്ല താരതമ്യേന സുരക്ഷിതരെന്നു കരുതിയിരുന്ന സംഘടിത തൊഴിലാളികളേയും സർക്കാർ ജീവനക്കാരേയും പോലും ആക്രമിച്ച് തകർത്തുകൊണ്ടിരിക്കുകയാണ്. മൂലധനവുമായി കൈ കോർത്തുകൊണ്ട് ജനങ്ങളുടെ പൊതുസമ്പത്തുക്കളായ ഭൂമി, ജലം, വനങ്ങൾ, കടൽ കടലോരങ്ങൾ തുടങ്ങിയവയെല്ലാം ബഹുരാഷ്ട്ര കോർപറേറ്റുകളുടെ കയ്യിലേക്കു മാറ്റപ്പെട്ടുകൊണ്ടിരിക്കുന്നു. കർഷകരും ആദിവാസികളുമടക്കം വലിയൊരു ജനവിഭാഗം അധികാരമില്ലാത്തവരും സമ്പത്തില്ലാത്തവരുമായി മാറുന്നു.അതുയർത്തുന്ന വികസനനീതി ഈ ജനതക്ക് ജീവിക്കാനുള്ള അവകാശംപോലും നിഷേധിക്കുന്നതാണ്. ലാഭകരമായവയും ജനങ്ങൾക്കാകെ ഉപയോഗപ്രദമാകുന്നവയുമായ പൊതുസ്ഥാപനങ്ങൾ-വെള്ളം, വൈദ്യുതി, ഗതാഗതം, ആരോഗ്യം, വിദ്യാഭ്യാസം മുതലായവ ഇല്ലാതാക്കിക്കൊണ്ട് അതു സ്വകാര്യ മൂലധനത്തിന്റെ താൽപര്യത്തിനു വിട്ടുകൊടുക്കുന്നു. കൃഷിയും വ്യവസായവും തൊഴിലും പ്രാദേശിക ദേശീയ കമ്പോളങ്ങളും തകർത്തെറിഞ്ഞുകൊണ്ടാണ് ആഗോളവൽക്കരണത്തിന്റെ ചക്രമുരുളുന്നത്. ആഗോള സാമ്പത്തിക സ്ഥാപനങ്ങളായ ലോകബാങ്ക്, അന്താരാഷ്ട്രനാണയനിധി, ഏഷ്യൻ വികസന ബാങ്ക്, ലോകവ്യാപാര സംഘടന തുടങ്ങിയവയുടെ ഒത്താശയോടെയാണ് ഇതെല്ലാം നടത്തിക്കൊണ്ടിരിക്കുന്നത്.

മറുവശത്ത് ഇതെല്ലാം നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭരണകൂടം വർഗീയ ഫാസിസത്തിന്റെ ക്രൂരരീതികൾ പ്രയോഗിച്ചു കൊണ്ടിരിക്കുന്നതും നാമറിയുന്നു. നമ്മുടെ ജനാധിപത്യഘടനയുടെ അടിത്തറ മാന്തുകയും സഹിഷ്ണുതയുടെ മൂല്യങ്ങളെ വെല്ലുവിളിക്കുകയും മതനിരപേക്ഷതയും സാമൂഹ്യ സൗഹാർദ്ദവും തകർക്കുകയും ചെയ്യുന്നു. ഇതിനുവേണ്ടി സങ്കുചിതത്വത്തിന്റെ യുദ്ധ പ്രഖ്യാപനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. സമൂഹത്തിൽ ഒരു പ്രധാനചൂഷണോപാധിയായി പ്രവർത്തിക്കുന്ന ജാതിമത വർഗീയതകൾ സാമ്രാജ്യത്വത്തിനെതിരായ പോരാട്ടത്തെ ദുർബലപ്പെടുത്തുന്നു.

ഇന്നത്തെ സാഹചര്യത്തിൽ വിശകലനങ്ങൾക്കും തത്വ വൽക്കരണങ്ങൾക്കുമപ്പുറത്തേക്കു കടന്നു പ്രവർത്തിക്കേണ്ടതുണ്ട്. നാമോരുരുത്തരും തങ്ങളുടെ മണ്ഡലങ്ങളിൽ നടത്തിക്കൊണ്ടിരിക്കുന്ന സമരങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ടുതന്നെ അതിനപ്പുറത്തേക്കു കടക്കാൻ തയ്യാറാകണം. ദേശീയ അന്തർദ്ദേശീയ മൂലധന ശക്തികൾക്കെതിരെ പര്സപര ധാരണയോടെ സമരം ചെയ്യാൻ നാം തയ്യാറാകണം. നമ്മുടെ ജനങ്ങളുടെ ജീവിക്കാനുള്ള അവകാശവും വിഭവങ്ങൾക്കു മേലുള്ള അധികാരവും സംരക്ഷിക്കാൻ കഴിയുന്ന വിധമുള്ള ഒരു പുതിയരാഷ്ട്രീയം - ജനകീയ രാഷ്ട്രീയം നാം രൂപപ്പെടുത്തണം. ആഗോള മൂലോധനത്തിന്റെ അപകടങ്ങളേയും സാമൂഹ്യ രാഷ്ട്രീയ ചൂഷണശക്തികളേയും മൗലികവാദങ്ങളേയും ചെറുത്തുതോൽപ്പിച്ചുകൊണ്ട് സമത്വപൂർണവും നീതിപൂർവ്വകവും സുസ്ഥിരവുമായ ഒരു വികസനത്തിനുവേണ്ടി പോരാടണം. നമ്മുടെ പരിതസ്ഥിതികളിലും മൂല്യങ്ങളിലും സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും സാംസ്ക്കാരികവുമായ പരിവർത്തനം വരുത്തിക്കൊണ്ട് അതിനെ സാമൂഹ്യ നീതിയുടേയും സോഷ്യലിസത്തിന്റെയും മൂല്യങ്ങളാക്കി വളർത്തണം.

ഈ ലക്ഷ്യംവച്ചുകൊണ്ട് അഞ്ചുപ്രധാനമുദ്രാവാക്യങ്ങൾ ഉയർത്തുവാനാണ് ഈ യാത്ര ശ്രമിക്കുന്നത്.

## 1. ജീവിക്കാനും ജീവനോപാധികൾ സംരക്ഷിക്കാനുമുള്ള അവകാശം

ഭക്ഷണം, തൊഴിൽ, ജീവനോപാധികൾ, ആരോഗ്യം, വിദ്യാഭ്യാസം മുതലായവക്ക് മുഴുവൻ ജനങ്ങൾക്കുള്ള അവകാശം സംരക്ഷിക്ക പ്പെടണം. ഇത് ഭരണഘടന തന്നെ വാഗ്ദാനം ചെയ്യുന്ന ജീവിക്കാനുള്ള അവകാശമാണ്. ഇതിലെ ഓരോ അവകാശങ്ങൾക്കും നേരെ ഉയരുന്ന വെല്ലുവിളികൾക്കെതിരെയുള്ള സമരങ്ങൾ ഈ മഹാസമരത്തിന്റെ ഭാഗമാണ്. ആഗോളവൽക്കരണത്തിന്റെ ഭാഗമായുള്ള ഇറക്കുമി നയങ്ങളടക്കമുള്ള സാമ്പത്തികനയങ്ങൾ ഇതിനെതിരെ ഉയരുന്ന പ്രധാനവെല്ലുവിളിയാണ്. സ്വാകാര്യവൽക്കരണത്തിന്റെ തമോഗർത്തത്തിലേക്ക് പൊതുസമ്പത്തുകൾ ഒഴുകിയെത്തുകയാണ് - അല്ലാ ഇന്നത്തെ ഭരണകൂടം എത്തിക്കുകയാണ്.

ഏറെക്കാലത്തെ അദ്ധ്വാനവും വലിയൊരു സമ്പത്തും വിനയോഗിച്ച് കെട്ടിപ്പടുത്തതും ദേശീയതയുടെ അഭിമാനങ്ങളായി നാം കരുതിയിരുന്നതും സ്വാശ്രയത്വത്തിന്റെ അടിസ്ഥാനമായിരുന്നതുമായ

പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കുന്നതിനുമാത്രമായി കേന്ദ്രസർക്കാർ ഒരു മന്ത്രിയെ ഏർപ്പെടുത്തിയിരിക്കുന്നു. ലാഭത്തിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ വളരെ കുറഞ്ഞ വിലയ്ക്കു പോലും ആഗോളമൂലധനത്തിനു കൈമാറിക്കൊണ്ട് വൻ അഴിമതി നടത്തിക്കൊണ്ടിരിക്കുകയാണ് ഭരണകൂടം. അടിസ്ഥാനവ്യവസായ മേഖലകളായ ഊർജ്ജം, എണ്ണ പ്രകൃതിവാതകം, തുറമുഖങ്ങൾ, ഹൈവേകൾ, വിമാനത്താവളങ്ങൾ, രാസവള നിർമ്മാണശാലകൾ, ബാങ്കിംഗ്, ഇൻഷുറൻസ് തുടങ്ങി ഏറ്റവുമൊടുവിൽ വാർത്താവിനിമയം ആണവം, പ്രതിരോധം, ശൂന്യാകാശഗവേഷണം വരെയുള്ള തന്ത്രപ്രധാനമേഖലകൾവരെ വിറ്റഴിച്ചിരിക്കുന്നു. ഇത്തരം നടപടികൾ രാജ്യത്തെ വലിയൊരുവിഭാഗം ജനങ്ങളുടെ തൊഴിലും ജീവനോപാധികളും തകർക്കുന്നതോടൊപ്പം ഒരു രാഷ്ട്രമെന്ന നിലയിൽ ഇന്ത്യയുടെ സുരക്ഷിതത്വംപോലും സാമ്രാജ്യത്വ ശക്തികൾക്കു അടിയറവയ്ക്കുകകൂടിയാണ്. അമേരിക്കയിലേയും ഇസ്രായേലിലേയും കമ്പനികളുടെ പങ്കാളിത്തത്തോടെ ഇന്ത്യയുടെ ദേശീയ സുരക്ഷ ഉറപ്പാക്കാമെന്നു പറയുന്നതിലെ പൊള്ളത്തരം എളുപ്പം ആർക്കും ബോദ്ധ്യപ്പെടുന്നതാണ്.

പുതിയ ഇറക്കുമതി നയങ്ങളും അതിന്റെ ഭാഗമായി അളവുപരമായ നിയന്ത്രണങ്ങൾ (QR )ഇല്ലാതാക്കാലും മറ്റുംവഴി കാർഷിക ഗ്രാമീണമേഖലകൾ ആകെ തകർന്നുകഴിഞ്ഞു. വൻകിട കോർപറേറ്റ് സ്ഥാപനങ്ങൾ ജനങ്ങളുടെ ഭൂമി വൻതോതിൽ കയ്യടക്കിക്കൊണ്ടിരിക്കുന്നു. എല്ലാവിധത്തിലും ദരിദ്രവൽക്കരിക്കപ്പെടുന്ന കർഷകരും ഗ്രാമീണരും കൂട്ടആത്മഹത്യകളിലേക്കു തിരിയുന്നു. പരമ്പരാഗത ഉൽപാദനമേഖലകൾ തകരുന്നു. സർക്കാരിന്റെ ചിലവുചുരുക്കാനാണെന്ന പേരിൽ കൃഷിക്കും പരമ്പരാഗതമേഖലകൾക്കും നൽകിയിരുന്ന പരിമിതമായ പിന്തുണപോലും ഇല്ലാതാകുന്നു. റിബേറ്റുകളും സബ്സിഡികളും താങ്ങുവിലകളും പൊതുസംഭരണ സംവിധാനങ്ങളും ഇല്ലാതാകുന്നതോടെ ഈ രംഗത്തുള്ള വലിയൊരു ജനസമൂഹത്തിന്റെ ജീവിക്കാനുള്ള അവകാശം നഷ്ടപ്പെടുന്നു.

ജീവനോപാധികളും തൊഴിലും നഷ്ടപ്പെടുന്നതിനോടൊപ്പം ജനങ്ങൾക്കു പരിമിതമായെങ്കിലും ലഭ്യമായിരുന്ന പൊതുസേവന മേഖലകൾ ആരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ളം, പൊതുവിതരണം വൈദ്യുതി മുതലായവ സർക്കാർ കൈയൊഴിഞ്ഞ് അത് കമ്പോള നീതിക്കുവിടുന്നു. ഇതോടെ ഇവയെല്ലാം ദരിദ്രവിഭാഗങ്ങൾക്കു നിഷേധിക്കപ്പെടുന്നു. ദാരിദ്രനിർമ്മാജനമെന്നത് സർക്കാരിന്റെ

അഥവാ സമൂഹത്തിന്റെ ഉത്തരവാദിത്വമല്ലാതാകുന്നു. സർക്കാർ ഗോഡൗണുകളിൽ ആറുകോടിടൺ ഭക്ഷ്യധാന്യം കെട്ടികിടക്കുമ്പോൾ അഞ്ചുകോടിയിലേറെ ജനങ്ങൾക്ക് ഒരു നേരത്തെ ഭക്ഷണം പോലും കിട്ടുന്നില്ല. അതിന്റെ പലമടങ്ങു ജനങ്ങൾ അർദ്ധപട്ടിണിയും പോഷകാഹാരക്കുറവും രോഗങ്ങളും മൂലം നരകിക്കുന്നു. ദരിദ്രന് വിദ്യാഭ്യാസവും ആരോഗ്യവും ചിലവേറിയതാകുന്നു. ആരോഗ്യത്തിന് ഏറ്റവും അനിവാര്യമായ ശുദ്ധജലം കിട്ടാത്തവരാണ് ഇന്ത്യയിൽ ഇന്ത്യയിൽ പകുതിയിലധികംപേരും. വൈദ്യുതിമേഖല സ്വകാര്യവൽക്കരിച്ചതോടെ അതും ദരിദ്രർക്ക് അപ്രാപ്യമാകുന്നു. വൈദ്യുതി പരിഷ്ക്കരണമെന്നപേരിൽ നടത്തിയ പരിപാടികൾ ഒറീസ, ഹരിയാന ആന്ധ്ര, ദില്ലി തുടങ്ങിയ സംസ്ഥാനങ്ങളിലുണ്ടാക്കിയ അനുഭവങ്ങൾ നമ്മുടെ മുന്നിലുണ്ട്. എല്ലായിടത്തും വൈദ്യുതി വില പലമടങ്ങുയർന്നു. അമേരിക്കൻ കമ്പനിയായ എഇഎസ്. വൈദ്യുതി വിതരണത്തിന്റെ ചുമതലയെടുത്ത ഒറീസയിൽ ആയിരക്കണക്കിനു ഗ്രാമങ്ങളിലെ ദരിദ്രർക്ക് വൈദ്യുതി നൽകിയില്ല. ബഹുരാഷ്ട്ര കമ്പനിയായ എൻറോൺ ധാബോളിൽ സ്ഥാപിച്ച നിലയം ആസംസ്ഥാനത്തെ വൈദ്യുതി മേഖലയെ ആകെ തകർത്ത കഥ നമ്മുടെ മുന്നിലുണ്ട്. വൈദ്യുതിയെന്നാൽ ബ്രഡ്ഡും പന്നിയിറച്ചിയും പോലെ കമ്പോളത്തിൽ വിലപേശി വിൽക്കാനുള്ളതല്ല എന്ന് സ്വന്തം അനുഭവത്തിൽ നിന്നും പറഞ്ഞത് അമേരിക്കയിലെ കാലിഫോർണിയാ സംസ്ഥാനഗവർണർ ഗ്രേഡേവിസ് ആണ്. ആഗോളമൂലധന സമ്മർദ്ദങ്ങൾക്കു കീഴടങ്ങുന്ന ഈനയങ്ങളെ എതിർത്തുതോൽപ്പിച്ചാലല്ലാതെ ജീവിക്കാനുള്ള അവകാശം സംരക്ഷിക്കാനാവില്ല.

## 2. പ്രകൃതിവിഭവങ്ങളിൽ ജനങ്ങളുടെ അവകാശം സംരക്ഷിക്കുക.

ദരിദ്രന്റെ സ്വകാര്യസമ്പത്തുക്കളും സമൂഹത്തിനാകെ അവകാശപ്പെട്ട പൊതുസമ്പത്തുകളും കൊള്ളയടിക്കപ്പെടുന്നു. ജലസ്രോതസ്സുകളും കടലും കടലോരങ്ങളും, കായലും വനങ്ങളും സ്വകാര്യമൂലധനത്തിന്റെ നിയന്ത്രണത്തിലാകുന്നു. വികസനമെന്ന പേരിൽ ഈ മൂലധനത്തിനു കൊള്ളലാഭമുണ്ടാക്കാൻ വേണ്ടി നടത്തപ്പെടുന്ന പ്രവർത്തനങ്ങൾ ദരിദ്രരുടെ ജീവിത്തെയാണു തകർക്കുന്നത്. കുപ്പിവെള്ളക്കാർക്കു വേണ്ടി നദിവിൽക്കുകയെന്നത് ഛത്തീസ്ഗഢിൽ സംഭവിച്ചുകഴിഞ്ഞു. ഇരുമ്പും കൽക്കരിയുമടക്കമുള്ള ധാതുക്കൾ ഖനനം ചെയ്യപ്പെടുന്നതിന്റെ ഫലമായി ആ പ്രദേശത്തുള്ള

ആദിവാസികൾ പുറത്തെറിയപ്പെടുന്നു. ഇന്ത്യയിലിന്നോളമുണ്ടായിട്ടുള്ള വൻകിട അണക്കെട്ടുകൾ മൂലം ജീവിതത്തിൽ നിന്നും സ്വന്തം ഭൂമിയിൽ നിന്നും കുടിയൊഴിക്കപ്പെട്ടവർ കോടിക്കണക്കിനാണ്. ടൂറിസം പദ്ധതികൾക്കുവേണ്ടി മത്സ്യത്തൊഴിലാളികളും ആദിവാസികളും കുടിയൊഴിക്കപ്പെടുന്നു. വൻകിട കപ്പലുകളും വിദേശ മത്സ്യബന്ധന ട്രോളറുകളും വരുന്നതോടെ ദേശീയ വരുമാനവും കയറ്റുമതിയും കൂടുന്നുവെന്ന് കൊട്ടിഘോഷിക്കുന്ന സർക്കാർ ഈ നയങ്ങൾമൂലം ലക്ഷക്കണക്കിനു മത്സ്യത്തൊഴിലാളികളുടെ ജീവിതം തകർക്കുന്നു. തീരദേശ സംരക്ഷണ നിയമങ്ങളെല്ലാം ലംഘിച്ചുകൊണ്ട് കുത്തക മൂലധനം വൻലാഭമുണ്ടാക്കുന്ന വികസന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

പരമ്പരകളായി കാടിനെ ആശ്രയിച്ചു ജീവിച്ചിരുന്ന ആദിവാസികൾ ഇന്ന് ഭൂമിയുടെ അവകാശികളല്ല. വനനശീകരണവും കയ്യേറ്റങ്ങളും തുടങ്ങി എക്കോടൂറിസ്റ്റ് കേന്ദ്രങ്ങളും വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളും വരെ ആദിവാസികളെ കുടിയൊഴിപ്പിക്കുന്നവയാണ്. തങ്ങളുടെ പരമ്പരാഗത ആവാസവ്യവസ്ഥയിൽ നിന്നും പിഴുതെറിയപ്പെടുന്നതോടെ പട്ടിണിയും രോഗങ്ങളും അവരെ കീഴടക്കുന്നു. ഭരണഘടനയുടെ അഞ്ചാം ഷെഡ്യൂളിൽ പ്പെടുത്തിയിട്ടുള്ള നിയമങ്ങൾവച്ചുകൊണ്ട് ആദിവാസികളുടെ ഭൂമി സംരക്ഷിക്കണം. മണ്ണിൽ നേരിട്ടുപണിയെടുക്കുന്ന യഥാർത്ഥകർഷകരായ ദളിതർക്ക് ഇന്നും ഭൂമിയിൽ അവകാശമില്ല. അവർക്ക് ഭൂമികിട്ടാൻ വേണ്ടിയുള്ള സമരം ഇതിന്റെ ഭാഗം തന്നെയാണ്.

തെറ്റായ വികസന നയങ്ങളുടെ ഫലമായി വെള്ളം, വായു, മണ്ണ് മുതലായ മലിനമാക്കുന്നതിലൂടെ സമൂഹത്തിനാകെ ജീവിക്കാനുള്ള അവകാശം നിഷേധിക്കപ്പെടുകയാണ്. ആഗോളവൽക്കരണം ഈ വികസരീതിയെ കൂടുതൽ ക്രൂരവും ചൂഷണാത്മകവുമാക്കുന്നു.

## 3. ബദൽ വികസന മാതൃകകൾക്കായി പോരാടുക.

കമ്പോളത്തിനുയോജ്യമായതും ഏറ്റവും പെട്ടെന്ന് ലാഭം കിട്ടുന്നതുമായ വികസനരീതിയാണ് സാർവ്വദേശീയമായി അംഗീകരിക്കപ്പെട്ടിരിക്കുന്നതെന്ന് ആവർത്തിച്ചുകൊണ്ടാണ് സാമ്രാജ്യത്വ മൂലധനം ഇവിടെയും ആധിപത്യമുറപ്പിക്കുന്നത്. ഇതിന് മറ്റൊരു വഴിയില്ല അഥവാ ഈ ചൂഷണാധിഷ്ഠിത ഹിംസാത്മകവികസന രീതിക്ക് ബദലില്ല (TINA) എന്ന പ്രചരണത്തിൽ ആഗോളവൽക്കരണ

ത്തിന്റെ ദുരിതമനുഭവിക്കുന്നവർപോലും കീഴ്പെട്ടുപോകുന്നു. ലോകമാകെ മാറിക്കൊണ്ടിരിക്കുന്നു. അതിനനുസരിച്ച് മാറാനുള്ള മടി മാത്രമാണ് അതിനെതിരായി ചിന്തിക്കുന്നതിനുപോലും കാരണം എന്ന നിലപാട് ഇന്ന് പലർക്കും ഉപേക്ഷിക്കേണ്ടി വന്നിരിക്കുന്നു. ഇത് സ്വാഭാവികമായ ഒരു പ്രക്രിയയല്ലെന്നും ബഹുഭൂരിപക്ഷത്തിനും ഹാനികരമായ ഒരു പദ്ധതിയാണെന്നും തിരിച്ചറിയപ്പെട്ടുകൊണ്ടിരിക്കുന്നു. എന്നാൽപ്പോലും ഈ വികസനം നൽകുന്ന ചില സൗകര്യങ്ങളെങ്കിലും ജനങ്ങളെ സംശയഗ്രസ്തരാക്കുന്നു.

എന്താണിതിനു ബദൽ എന്ന ചോദ്യത്തിന്, തീർത്തും ശരിയല്ലാത്ത ഒന്നിന് - യുദ്ധവും ആണവായുധവും പോലെ- എന്തിനാണ് ബദൽ തേടുന്നത് അതുപേക്ഷിക്കയല്ലേ വേണ്ടത് എന്ന മറുചോദ്യംകൊണ്ട് മറുപടിപറഞ്ഞു തുടങ്ങണം. ഈ പുതിയ വികസനപരിപ്രേക്ഷ്യം വളരെ വിശാലവും വികേന്ദ്രീകൃതവും നീതിപൂർവ്വകവും സമത്വാധിഷ്ഠിതവും മനുഷ്യർക്കു മാത്രമല്ല മുഴുവൻ ജീവജാലങ്ങൾക്കും അവരുടെയെല്ലാം അനേകം തലമുറകൾക്കും ഈ ഭൂമിയിൽ ജീവിക്കാൻ അവകാശമുണ്ടെന്നംഗീകരിക്കുന്നതുമായിരിക്കണം. കേവലം ഒന്നിനുപകരം മറ്റൊന്ന് എന്ന രീതിയിലുള്ള ഒരു ബദലല്ല, നിലവിലുള്ള രീതിയുടെ അടിസ്ഥാന ശിലകളെ സാമ്പത്തികവും സാംസ്ക്കാരികവും, സാമൂഹ്യവും, രാഷ്ട്രീയവുമായ അടിത്തറയെ തകർക്കുന്നതായിരിക്കണം ഈ വികസന മാതൃകകൾ.

ഇത് ഏറെക്കാലത്തെ സമരങ്ങളിലൂടെ, അനുഭവങ്ങളിലൂടെ രൂപപ്പെട്ടുവരേണ്ടതാണ്. സർക്കാരിന്റെ നയസമീപനങ്ങൾക്കൊപ്പം സമൂഹത്തിന്റെയാകെ ചിന്തയും വാക്കും പ്രവർത്തികളും പരിവർത്തനം ചെയ്യപ്പെടേണ്ടതുണ്ട്.

സാങ്കേതിക വിദ്യകളിലെ വളർച്ചയെന്നതുതന്നെ ചരിത്രത്തിന്റെ സ്വാഭാവികതയാണെന്ന് പറയാനാവില്ല. അതുകൊണ്ടുതന്നെ ഏതു സാങ്കേതിക വിദ്യയും സമൂഹത്തിനു പ്രയോജനപ്പെടുത്താനാവുമെന്നു യാന്ത്രികമായി വിശ്വസിക്കുന്നതും തെറ്റാണ്. ഉൽപാദനത്തിന്റേയും പ്രതിശീർഷ ഊർജ്ജ ഉപഭോഗത്തിന്റേയും എന്നെന്നും ഉയരുന്ന കണക്കുകൾ നമ്മെ സാമ്രാജ്യത്വമൂലധനത്തിന്റെ അടിമത്തത്തിലേക്കാണു നയിക്കുന്നത്. പാരിസ്ഥിതികം മാത്രമല്ല സാമൂഹ്യവും രാഷ്ട്രീയവും സാംസ്ക്കാരികവുമായ സുസ്ഥിരത തകർക്കുന്നതാണ് ഈ സമീപനം. മുതലാളിത്തത്തിനു ബദലായി ഉയർന്നുവന്ന സോവിയറ്റ് യൂണിയനടക്കമുള്ള സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ അനുഭവം നമ്മുടെ മുന്നിലൊരു പാഠമാണ്. സ്വകാര്യ ഉടമസ്ഥത

യിൽനിന്നും സർക്കാർ ഉടമസ്ഥതയിലേക്കു മാറിയതുകൊണ്ടു മാത്രം പ്രശ്നങ്ങൾ പരിഹരിക്കാനാവില്ല. മുതലാളിത്തം പ്രകൃതിയേയും സമൂഹത്തേയും കണ്ട അതേരീതിയിൽത്തന്നെ (സാങ്കേതിക വിദ്യ ആയുധങ്ങൾ, പ്രകൃതി വിഭവങ്ങളുടെ വിനിയോഗം, വൈവിദ്ധ്യങ്ങളെ അംഗീകരി ക്കാതിരിക്കൽ തുടങ്ങി പലതും) സോഷ്യലിസ്റ്റ് രാജ്യങ്ങളും കണ്ടുവെന്നതാണു പ്രശ്നം. ഏറ്റവും ആധുനികമായ അണു ബോംബുകൾക്കും മിസൈലുകൾക്കും സോഷ്യലിസ്റ്റ് സമൂഹത്തെ നിലനിർത്താനായില്ല. സോഷ്യലിസ്റ്റ് പാത സ്വീകരിച്ചുവെന്ന ചൈനയും വിയറ്റ്നാമും മറ്റൊരുതരത്തിൽ കമ്പോളത്തിന്റെ അടിസ്ഥാനത്തിലുള്ള ഹിംസാത്മക വികസനരീതികൾതന്നെ പിന്തുടരുകയാണ്. മുതലാളിത്തത്തിന്റെ വികാസപരിണാമങ്ങളെ വിലയിരുത്തുന്നതിലും അതിന്റെ ആന്തരികവൈരുദ്ധ്യങ്ങൾതന്നെ അതിന്റെ തകർച്ചക്കു വഴിവെക്കുമെന്നു പ്രവചിച്ചതിലും മുതലാളിത്ത ത്തിനെതിരായ സംഘടിതശക്തിയെ ഉയർത്തിക്കൊണ്ടുവന്നതിലും മാർക്സിസം നിർവ്വഹിച്ച പങ്ക് മറക്കാവതല്ല.

ഓരോ സമൂഹവും അതിന്റെ ചരിത്രപരമായ വളർച്ചക്കനു യോജ്യമായ വികസനരീതിയാണ് സ്വീകരിക്കേണ്ടത്. വികസനത്തിന്റെ അളവു നിർണയിക്കാനുപയോഗിക്കുന്ന സൂചകങ്ങളോ അതിന്റെ അടിസ്ഥാനത്തിൽ വികസിതം, വികസ്വരം, അവികസിതം എന്ന രീതിയിലുള്ള വേർതിരിക്കലോ, ശരിയാവുകയില്ല. അന്താരാഷ്ട്ര ബന്ധങ്ങൾ, ദേശീയ പ്രാദേശികരാഷ്ട്രീയം, കൃഷി, സാങ്കേതിക വിദ്യ, ഉപഭോഗം, വിപണി, മൂലധനം, നികുതി, ഊർജ്ജം, വിദ്യാഭ്യാസം, ആരോഗ്യം, ഗതാഗതം, പാർപ്പിടം, ഉടമസ്ഥത, സാമൂഹ്യസുരക്ഷ, മാദ്ധ്യമങ്ങൾ, സാംസ്ക്കാരിക ബന്ധങ്ങൾ, സ്ത്രീപുരുഷ കുടുംബ ബന്ധങ്ങൾ, ജനാധിപത്യ ഘടനാരൂപങ്ങൾ, സംഘടനകൾ, സമരരൂപങ്ങൾ, പങ്കാളിത്തം തുടങ്ങി ഒട്ടേറെ ഘടകങ്ങളിൽ ബന്ധപ്പെട്ടുകൊണ്ടായിരിക്കണം ഈ ബദൽമാതൃക രൂപപ്പെടുത്തേ ണ്ടത്. ഇത് ഓരോ സമൂഹത്തിൽനിന്നും രൂപപ്പെട്ടുവരുന്നതായി രിക്കണം. ചുരുക്കത്തിൽ സമൂഹവും വ്യക്തിയും സാമൂഹ്യബന്ധങ്ങളും ഒരുപോലെ മാറ്റപ്പെടുന്നതിലൂടെ മാത്രമേ ബദൽ ഉയർത്തി ക്കൊണ്ടുവരാനാവൂ.

## 4. ദേശീയ ഐക്യത്തിനായുള്ള സമരം

സാമ്രാജ്യത്വആഗോളവൽക്കരണം ദേശരാഷ്ട്രങ്ങളുടെ പരമാധികാരത്തെ തകർക്കുന്നതോടൊപ്പം വർഗീയതയേയും ജാതീയതയേയും സഹായിച്ചുകൊണ്ടിരിക്കുന്നു. എത്ര പരിമിത

മാണെങ്കിലും നിലവിലുള്ള ജനാധിപത്യ ഭരണക്രമങ്ങൾ കൂടി തകർത്തെറിയുന്ന ഫാസിസത്തിന്റെ ഭീകരമുഖം ഇന്ത്യയാകെ വ്യാപിപ്പിക്കാനാണ് വർഗീയഭരണകൂടത്തിന്റെ ശ്രമം. ഗുജറാത്തിലെ നരഹത്യയും അതിനെ തുടർന്ന് അവിടുത്തെ തെരഞ്ഞെടുപ്പിൽ ഫാസിസം നേടിയ വിജയവും നമ്മുടെ സ്വപ്നങ്ങളെപ്പോലും വികൃതമാക്കുന്നു. മുതലാളിത്തത്തിന്റെ സാമ്പത്തിക പ്രതിസന്ധി ഘട്ടങ്ങളിലാണ് ഫാസിസം വളരുന്നതെന്ന സത്യം ഒരിക്കൽകൂടി വെളിവാക്കപ്പെട്ടിരിക്കുന്നു. സവർണാധിപത്യത്തിനു കീഴിൽ സഹസ്രാബ്ദങ്ങൾ മൃഗങ്ങളേക്കാൾ മോശമായ അവസ്ഥയിൽ ജീവിക്കേണ്ടിവന്ന ദളിത് സമൂഹത്തിൽ ഒരു വിഭാഗത്തേപ്പോലും തങ്ങളുടെ ഫാസിസ്റ്റ് ആക്രമണങ്ങൾക്ക് ആയുധമാക്കാൻ ഇവർക്കാകുന്നുവെന്നതു ഞെട്ടിക്കുന്ന വസ്തുതയാണ്.

ഇന്ത്യയിൽ നിലനിൽക്കുന്ന സാമൂഹ്യവൈവിധ്യങ്ങളെ വൈരുദ്ധ്യങ്ങളാക്കി മാറ്റിക്കൊണ്ട് വളരുന്ന ഫാസിസത്തെ നേരിടാതെ നമുക്ക് ഈ രാജ്യത്തെ രക്ഷിക്കാനാവില്ല, നിർമ്മിക്കാനാവില്ല. ഇവിടുത്തെ വൈവിധ്യങ്ങളെ ജനാധിപത്യപരമായി അംഗീകരിക്കുന്ന ഒരു സമൂഹത്തിനുവേണ്ടിയുള്ള പോരാട്ടം അതി പ്രധാനമായ ഒരു ഘട്ടമാണിത്.

## 5. സംശുദ്ധ രാഷ്ട്രീയത്തിനായുള്ള പോരാട്ടം

അഴിമതിയെ സാർവ്വത്രികവും സ്വാഭാവികവുമാക്കി മാറ്റിക്കൊണ്ടാണ് ആഗോളവൽക്കരണം ഇവിടെ വേരുറപ്പിക്കുന്നത്. ഉപഭോഗസംസക്കാരവും മത്സരാധിഷ്ഠിത കമ്പോളസംസ്ക്കാരവും അഴിമതിയെ സഹായിക്കുന്ന ഘടകങ്ങളാണ്. അഴിമതിയിലൂടെ അധികാരകേന്ദ്രീകരണവും ജനാധിപത്യ ധ്വംസനവും നടക്കുന്നു. അഴിമതിയെന്നത് കേവലം വ്യക്തിപരമായ സത്യസന്ധതയുടെ മാത്രം പ്രശ്നമായി കാണാനാവില്ല. അതിനെ ആഗോളപ്രതിഭാസമായും വ്യവസ്ഥിതിയുടെ പ്രശ്നമായും മാത്രം കാണുന്ന നിലപാടും ശരിയല്ല. വ്യക്തിയും സമൂഹവുമെന്നതിലെ ദ്വന്ദാത്മകത അംഗീകരിക്കണം. ഭരണകൂടത്തിന്റെ സുതാര്യതായ്ക്കായുള്ള പോരാട്ടം പ്രധാനമാണ്. അറിയാനുള്ള അവകാശം മൗലികാവകാശമാണ്. പക്ഷേ ഇതിനുവേണ്ടിയുള്ള നിയമങ്ങൾ പലതും ഭാഗികവും പലപ്പോഴും സാമൂഹ്യവിരുദ്ധവുമാണ്. ഫലപ്രദമായി ഇതു സാദ്ധ്യമാകുന്ന ഒരു ഭരണ വ്യവസ്ഥയായിരിക്കണം നാം ലക്ഷ്യം വെക്കുന്നത്.

അധികാര വികേന്ദ്രീകരണമെന്നത് ഒരു ഭരണകൂടത്തിന്റെ ഔദാര്യമല്ല. അത് ജനങ്ങളുടെ അവകാശമാണ്. പ്രകൃതി

വിഭവങ്ങൾക്കുമേൽ സമൂഹത്തിനുള്ള അധികാരം ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. നിലവിലുള്ള കേന്ദ്ര സംസ്ഥാന ബന്ധങ്ങളിലെ ഫെഡറൽ തത്വങ്ങൾപോലും പലപ്പോഴും ലംഘിക്കപ്പെടുകയാണ്. ആഗോളവൽക്കരണ നയങ്ങൾ സംസ്ഥാനങ്ങളെക്കൊണ്ട് നടപ്പാക്കിക്കുന്ന ജോലിയാണ് ഇന്നു കേന്ദ്രസർക്കാർ നിർവ്വഹിക്കുന്നത്. 73,74 ഭരണഘടനാ ഭേദഗതികളിലൂടെ നിയമമാക്കപ്പെട്ട ഗ്രാമസ്വരാജ് സങ്കൽപ്പം ഭാഗികമായിട്ടെങ്കിലും നടപ്പാക്കിയ സംസ്ഥാനങ്ങൾ കേരളം, കർണ്ണാടക, പശ്ചിമ ബംഗാൾ തുടങ്ങിയവ മാത്രമാണ്. നികുതിപിരിവ് അടക്കമുള്ള കാര്യങ്ങൾ താഴെത്തട്ടിൽത്തന്നെ നടത്താൻ കഴിയുന്ന വിധം ജനകീയാടിത്തറയുള്ള ഭരണരൂപം സൃഷ്ടിക്കപ്പെടണം.

ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സമൂഹത്തോടുള്ള ബാധ്യത നിറവേറ്റുന്നുവെന്ന് ഉറപ്പുവരുത്താനുള്ള സംവിധാനം ആവശ്യമാണ്. ജനപ്രതിനിധികളെ തിരിച്ചുവിളിക്കാൻ ജനങ്ങൾക്കുള്ള അവകാശം നിയമപരമായിത്തന്നെ ഉണ്ടായിരിക്കണം.

# കേരളം

മേൽപറഞ്ഞവയുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ അവസ്ഥകൾ നാം വിലയിരുത്തേണ്ടതുണ്ട്. സാമൂഹ്യനവോത്ഥാന പ്രസ്ഥാനങ്ങളുടെയും ദേശീയ ഇടതുപക്ഷരാഷ്ട്രീയത്തിന്റേയും ഇടപെടലുകൾവഴി മൂന്നാംലോകത്തിലെ ഒരൽഭുതമായി കേരളം മാറിയെന്നു നാം പറയാറുണ്ട്. ആളോഹരി വരുമാനത്തിലും മറ്റും അമേരിക്കയും യൂറോപ്പുമായി യാതൊരു താരതമ്യവുമില്ലാതിരുന്നിട്ടും അന്താരാഷ്ട്രവികസനസൂചകങ്ങളിൽ (ശരാശരി ആയുസ്സ് , സാക്ഷരത, അതിൽത്തന്നെ സ്ത്രീ സാക്ഷരത, സ്ത്രീ പുരുഷ അനുപാതം, ശിശുമരണ നിരക്ക് തുടങ്ങിയവയിൽ) അവരോടൊപ്പം കേരളം എത്തിയിരിക്കുന്നു. ഇതിനെ ചിലർ കേരളവികസന മാതൃകയെന്നുവരെ വിശേഷിപ്പിച്ചു. അമർത്യസെന്നിനേപ്പോലുള്ളവർ ഇതിനെ വികസനാനുഭവം എന്നു വിളിച്ചു. അതെന്തായാലും സമത്വം, സാമൂഹ്യനീതി സമ്പത്തിന്റെ വിതരണം മുതലായവയിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ മുന്നിലായിരുന്നു കേരളം

വികസനം സംബന്ധിച്ച് കേരളീയ സമൂഹത്തിൽ വളർന്നുവന്ന സങ്കൽപം മുതലാളിത്തത്തിന്റേതു തന്നെയായിരുന്നു. ഇടതുപക്ഷപ്രസ്ഥാനങ്ങളും (സോവിയറ്റ് യൂണിന്റെ സ്വാധീനം മൂലം) ഇതേവികസന സമീപനംതന്നെ സ്വീകരിച്ചുവെന്നതാണിതിനു

കാരണം. നാം പിന്തുടർന്ന വിദ്യാഭ്യാസരീതികളും ഗൾഫ് പണത്തിന്റെ വരവും ഭക്ഷ്യവിളകളിൽനിന്നും നാണ്യവിളകളിലേക്കുള്ള മാറ്റവും നിർമ്മാണസംസക്കാരവും ഉപഭോഗരീതികളിൽ ഉണ്ടായ മാറ്റങ്ങളുമെല്ലാം വിവിധരീതിയിൽ കേരളത്തെ ഇന്നത്തെ അവസ്ഥയിൽ എത്തിക്കുന്നതിൽ പങ്കുവഹിച്ചിട്ടുണ്ട്.

ഇന്നു കേരളം അഭിമുഖീകരിക്കുന്ന പ്രതിസന്ധികളെ ഒറ്റവാചകത്തിൽ പറഞ്ഞാൽ "ഉണ്ടാക്കുന്നതൊന്നും ഉപയോഗിക്കാത്തവരും ഉപയോഗിക്കുന്നതൊന്നും ഉണ്ടാക്കാത്തവരും" ആയ ഒരു സമൂഹം എന്നു പറയാം. പുറംകമ്പോളത്തെ ആശ്രയിക്കുന്ന ഉപഭോഗവും ഉൽപാദനവും നമ്മെ തീർത്തും പരാശ്രിത സമൂഹമാക്കിമാറ്റി. പരമ്പരാഗത വ്യവസായ മേഖലകളിൽ ഉപജീവനം കണ്ടെത്തുന്ന അരക്കോടിയോളം മനുഷ്യർ ഉണ്ട്. കാർഷിക മേഖലയെയും പരമ്പരാഗതമേഖലയേയും ആഗോളവൽക്കരണ നയങ്ങൾ കൂടുതൽ പ്രതിസന്ധിയിലാഴ്ത്തി.

## വെള്ളം, ഊർജ്ജം

വികസനപരിപേക്ഷ്യവും നിർമ്മാണസംസ്ക്കാരവും കാർഷികമേഖലയിലെ വ്യതിയാനവും (നാണ്യവിളകളിലേക്കുള്ളമാറ്റം) കേരളത്തിന്റെ പാരിസ്ഥിതിക ഘടനയെ ആകെ തകർത്തുകളഞ്ഞു. മണ്ണിൽ സംഭവിച്ച മാറ്റം, കാർഷികമേഖലയിലെ മാറ്റം മൂലം കാര്യമായി ശ്രദ്ധിച്ചില്ല. വനനശീകരണവും അനിയന്ത്രിതമായ മണൽവാരലും വൈദ്യുതിക്കും ജലസേചനത്തിനും (?) വേണ്ടിയുള്ള അണക്കെട്ടുകളും ഏറ്റവും കാര്യമായി ബാധിച്ചത് ജലലഭ്യതയെയാണ്. 3000 mm മഴ കിട്ടിയിട്ടും എല്ലാ നഗരങ്ങളിലും ഗ്രാമങ്ങളിലും കടുത്ത ജലക്ഷാമമാണ്. ടാങ്കർലോറിയിലും കുപ്പിവെള്ളമായും വലിയൊരു ജലവ്യാപാരശൃംഖല കേരളത്തിലുണ്ട്. വ്യവസായശാലകളും ആശുപത്രികളും കമ്പോളങ്ങളും തുടങ്ങി ആരാധനാലയങ്ങൾവരെ നദികളെ നശിപ്പിച്ചു. ജലത്തിന്റെ സംരക്ഷണവും വിനിയോഗവും സംബന്ധിച്ച് മലയാളി പുലർത്തിയിരുന്ന ധാരണകൾ പലതും പരമാബദ്ധമായിരുന്നു. ഇതിന്റെ ആദ്യത്തെ ഇര ചാലിയാർ പുഴയായിരുന്നു. ബിർളയുടെ ഗ്വാളിയോർ റയോൺസ് ചാലിയാറിനെ വിഷമയമാക്കിയെന്നുമാത്രമല്ല, കിഴക്കൻ മലനിരകളെ മൊട്ടക്കുന്നുകളുമാക്കി. ചാലിയാർ സംരക്ഷണ സമരം മൂന്നു പതിറ്റാണ്ടിലേറെ നീണ്ടുനിന്നതാണ്.

പരിസ്ഥിതിയും വികസനവും സംബന്ധിച്ചുള്ള ചർച്ച കേരളത്തിൽ ഏറ്റവും ഉയർന്നുവന്നത് സൈലന്റ് വാലിയിലെ

അണക്കെട്ടു നിർമ്മാണ ശ്രമം നടന്നപ്പോഴാണ്. വെള്ളംപോലെത്തന്നെ ഊർജ്ജം സംബന്ധിച്ചും നാംവച്ചുപുലർത്തിയിരുന്ന പലധാരണകളും സുസ്ഥിരവികസന പരിപ്രേക്ഷ്യത്തിനനുസരിച്ചായിരുന്നില്ല. അണക്കെട്ടുകളും ജലവൈദ്യുത പദ്ധതികളുമുയർത്തുന്ന പ്രശ്നങ്ങൾ ഇന്നും കേരളത്തിൽ വേണ്ടത്ര ചർച്ച ചെയ്യപ്പെട്ടിട്ടില്ല. ഏതുവിധേനയും ഊർജ്ജമുണ്ടായാൽ വികസനമായി എന്ന നിലപാടും സ്വീകാര്യമല്ലെന്ന് ഇന്നു സ്വന്തം അനുഭവത്തിലൂടെ നമുക്കു ബോദ്ധ്യപ്പെട്ടു തുടങ്ങുന്നതേയുള്ളൂ.

വനനശീകരണവും പാടം നികത്തലും വ്യാപകമായ റോഡുകളും കെട്ടിടങ്ങളും നിർമ്മിക്കലും മൂലം മഴവെള്ളം സംഭരിച്ചുനിർത്താനുള്ള മണ്ണിന്റെ ശേഷി തീരേ കുറഞ്ഞുപോയി. മഴപെയ്താൽ പെട്ടെന്ന് തന്നെ വെള്ളക്കെട്ടും മഴ നിന്നാൽ ഉടനെ ജലക്ഷാമവും എന്നതായി അവസ്ഥ. ചുരുക്കത്തിൽ വെള്ളത്തിന് വലിയൊരു കമ്പോളം കേരളത്തിൽ രൂപപ്പെട്ടുവന്നു.

## പ്ലാച്ചിമട, കഞ്ചിക്കോട്

ആഗോള മൂലധനശക്തികൾ ജനങ്ങൾക്കവകാശപ്പെട്ട പൊതുവിഭവങ്ങൾ കൊള്ളയടിക്കുന്നതിന്റെ ഏറ്റവും നല്ല ഉദാഹരണങ്ങളാണ് കൊക്കകോള പ്ലാച്ചിമടയിലും പെപ്സി കഞ്ചിക്കോടും നടത്തുന്ന ജലംകൊള്ള. കുഴൽക്കിണറുകൾ ഉപയോഗിച്ച് പ്രതിദിനം 15 ലക്ഷം വരെ ലിറ്റർ വെള്ളം കൊക്കകോളയെടുക്കുന്നു. ഇതിന്റെ ഫലമായി ആപ്രദേശത്തുള്ള ആയിരക്കണക്കിനുമനുഷ്യരുടെ കുടിവെള്ളം മുട്ടിക്കുകയാണ്. കാർഷികാധിഷ്ഠിത സമ്പദ് ഘടനയുള്ള ഗ്രാമപ്രദേശമാണ് ചിറ്റൂർ താലൂക്കിലെ പ്ലാച്ചിമട. ഇവിടുത്തെ ജനങ്ങളിൽ വലിയൊരു ഭാഗം ആദിവാസികളാണ്. കാർഷിക രംഗം ആകെ തകരാറിലായിരിക്കുന്നു. ഇനിയൊരിക്കലും രക്ഷപ്പെടുത്തടുത്താനാവാത്തവിധത്തിൽ ജലം മലിനമാക്കിക്കൊണ്ടിരിക്കുന്ന ഈ കമ്പനി സമീപഭാവിയിൽ മറ്റൊരു സ്ഥലത്തേക്കു ചേക്കാറാനും സാദ്ധ്യതയുണ്ട്. വികസനത്തിന്റെ പേരിൽ എന്തു ത്യാഗവും സഹിക്കാൻ ജനങ്ങൾ തയ്യാറാകണ മെന്നതാണ് നമ്മുടെ മുഖ്യധാരാമാദ്ധ്യമങ്ങളും രാഷ്ട്രീയ കക്ഷികളും പൊതുവേ എടുക്കുന്ന നിലപാട്. തങ്ങളുടെ ജീവിതത്തെ നേരിട്ടു ബാധിക്കാത്തിടത്തോളം കേരളത്തിലെ വലിയൊരു വിഭാഗം മദ്ധ്യവർഗ സമൂഹവും ഇതേ നിലപാടുതന്നെ സ്വീകരിക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ കുത്തക കമ്പനികളായ കൊക്കകോളക്കും പെപ്സിക്കും എയ്റേറ്റഡ്വെള്ളം വിറ്റ് ലഭിക്കുന്ന വൻ ലാഭത്തിൽ

നിന്നും ഒരു പങ്കുമുടക്കിയാൽ ഭരണാധികാരികളേയും ഉദ്യോഗസ്ഥരേയും മാദ്ധ്യമങ്ങളേയും അടക്കി നിർത്താൻ കഴിയും എന്ന് മനസ്സിലായിട്ടുണ്ട്.

ഇത് കൊക്കോകോള പെപ്സി കമ്പനികളുടെ മാത്രം അനുഭവമല്ലെന്നും നാം തിരിച്ചറിയേണ്ടതുണ്ട്. തെറ്റായ വികസന നയങ്ങൾ മൂലം ജലക്ഷാമം ശക്തിപ്പെടുകയെന്നത് ഈ പാനീയ കമ്പനികളുടെ കൂടി ആവശ്യമാണ്. ലോകമാകെ പ്രതിവർഷം 40,000 കോടിരൂപയുടെ കമ്പോളം വെള്ളത്തിനുണ്ടെന്ന് ലോകബാങ്ക് കണ്ടെത്തിയിട്ടുണ്ട്. ആ കമ്പോളം കീഴടക്കാൻ വൻബഹുരാഷ്ട്ര കോർപ്പറേറ്റുകൾ ശ്രമിക്കുകയാണ്. ഇതിനെതിരായി വിശാലമായ ഐക്യനിരപടുത്തുയർത്തി സമരം ചെയ്യേണ്ടത് ഇന്നിന്റെ അനിവാര്യതയാണ്. ഒമ്പതുമാസത്തിലേറയായി പ്ലാച്ചിമടയിലെ ആദിവാസികൾ സമരരംഗത്താണ്. പ്രശ്നത്തിന്റെ രൂക്ഷത ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത സംഘടനകൾ അവിടെ സമരരംഗത്തിറങ്ങിയിട്ടുണ്ട്. മറ്റു പലവിഷയങ്ങളിലും അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ കൂടി ഈ സമര മുഖത്ത് ശക്തമായ ഐക്യനിര രൂപപ്പെടണം.

## മലമ്പുഴ

പ്ലാച്ചിമടയിലെ സമരം വ്യാപകമായ ഘട്ടത്തിലാണ് മലമ്പുഴ അണക്കെട്ടിലെ വെള്ളം വിവെന്റി എന്ന കമ്പനിക്ക് വിൽക്കാനുള്ള പാലക്കാട് വ്യവസായിക ജലവിതരണ പദ്ധതിസംബന്ധിച്ച വിവരങ്ങൾ പുറത്തുവരുന്നത്. മലമ്പുഴ മാത്രമല്ല, പെരിയാർ, ഭാരതപ്പുഴ, മീനച്ചിലാറ്, നെയ്യാറ് എന്നീ പുഴകളിലെ വെള്ളവും സ്വകാര്യമേഖലക്കു വിൽക്കാനുള്ള പദ്ധതികൾ ആഗോള നിക്ഷേപകർക്കുമുമ്പിൽ വയ്ക്കാനാണ് സർക്കാർ തീരുമാനിച്ചത്. കേരളത്തിൽ ഏറ്റവും കൂടുതൽ (9 എണ്ണം) അണക്കെട്ടുകളുള്ള ജില്ലയാണ് പാലക്കാട്. ഏറ്റവും കടുത്ത വരൾച്ച (കൂടുതൽ കാലമായി) നിലനിൽക്കുന്ന ഈ ജില്ലയിലാണ് അൽപമെങ്കിലും നെൽകൃഷി അവശേഷിക്കുന്നതും, (നെൽകൃഷിഭൂമി വൻതോതിൽ വാങ്ങി അവിടെ ഒരു പ്രത്യേക ഇനം വാഴകൃഷി ചെയ്യാനുള്ള ഒരു ബഹുരാഷ്ട്ര പദ്ധതിയും ഇതിനോടു ചേർത്തു വായിക്കാം) മലമ്പുഴയിൽ അധികമുള്ള ജലമാണ് വിൽക്കുന്നതെന്ന വാദം അസംബന്ധമായണ്. ഇപ്പോൾ തന്നെ വേനൽതുടങ്ങിയാൽ കൃഷിക്കാവശ്യമായ വെള്ളം നൽകാൻ അണക്കെട്ടിനുകഴിയുന്നില്ല. കുടിവെള്ളത്തിനും മലമ്പുഴ അണക്കെട്ടിനെ ആശ്രയിക്കുന്നവരാണ് പാലക്കാട് നഗരസഭയിലും പല പഞ്ചായത്തുകളിലും ജീവിക്കുന്ന ജനങ്ങൾ

മുമ്പു സൂചിപ്പിച്ചതുപോലെ സ്വദേശി-വിദേശി കുത്തകമൂലധനം വെള്ളമെന്ന അമൂല്യവസ്തുവിന് വിലയിട്ടുവിറ്റ് ലാഭമുണ്ടാക്കുന്നതിനു നടത്തുന്ന ശ്രമങ്ങളുടെ ഭാഗം തന്നെയാണ് പ്ലാച്ചിമടയിലും മലമ്പുഴയിലും പെരിയാറിലും നടക്കുന്നത് എന്ന് നാം തിരിച്ചറിയുന്നു. ബൊളിവിയയിലെ കൊച്ചബാമ്പ നഗരത്തിലെ കുടിവെള്ളവിതരണം ബെക്ടൽ എന്ന ബഹുരാഷ്ട്ര കമ്പനി ഏറ്റെടുത്ത അനുഭവം നമ്മുടെ മുമ്പിലുണ്ട്. വെള്ളത്തിന്റെ വില പലമടങ്ങായി വർദ്ധിപ്പിക്കുക വഴി വലിയൊരു വിഭാഗം ജനങ്ങൾക്ക് വലിയൊരു ഭാരമായി അതുമാറി. സ്വന്തം സ്രോതസ്സുകളിൽ നിന്നും പൊതുസ്രോതസ്സുകളിൽനിന്നും ജലമെടുക്കുന്നതിനുപോലും ബെക്ടൽ കമ്പനിക്ക് കപ്പം (ടോൾ) കൊടുക്കേണ്ട അവസ്ഥ വന്നു. മഴവെള്ളശേഖരണം നടത്താൻ പോലും ജനങ്ങൾക്കധികാരമില്ലാതായി. സഹികെട്ട ജനങ്ങൾ സമരരംഗത്തിറങ്ങിയപ്പോൾ സർക്കാർ പോലിസിനേയും പട്ടാള ത്തേയും വിട്ട് സമരത്തെ അടിച്ചമർത്തി. വെടിവെപ്പിൽ ചിലർ മരിച്ചു. പലർക്കും പരിക്കുപറ്റി. ഒടുവിൽ ബെക്ടൽ കമ്പനി നാടുവിട്ടോടി. തങ്ങളുടെ മൂലധനത്തിന് സംരക്ഷണം തരാമെന്ന വ്യവസ്ഥ ബൊളിവിയൻ സർക്കാർ പാലിച്ചില്ലെന്നു കാണിച്ച് ബെക്ടൽ നഷ്ടപരിഹാരമാവശ്യപ്പെട്ട് കേസ് കൊടുത്തിരിക്കുകയാണ്.

കേരളത്തെ നിക്ഷേപ സൗഹൃദമാക്കുമെന്നാണല്ലോ സർക്കാർ പറയുന്നത്. ഇവിടുത്തെ പ്രകൃതിവിഭവങ്ങളും പൊതുമുതലും യഥേഷ്ടം കൊള്ള നടത്താൻ അനുവാദം നൽകലും അതിനെതിരായി ജനങ്ങളോ തൊഴിലാളികളോ സമരമോ പ്രതിരോധമോ നടത്തിയാൽ അതിനെ തകർത്തു തരിപ്പണമാക്കിക്കൊള്ളാമെന്ന ഉറപ്പുമാണ് നിക്ഷേപസൗഹൃദമെന്നപേരിൽ ഇവർ ആവശ്യപ്പെടുന്നത്. അഞ്ചുനദികളിലെ വെള്ളം വ്യവസായ ശാലകൾ, സ്റ്റാർ ഹോട്ടലുകൾ, ടൂറിസം റിസോർട്ടുകൾ, ഗോൾഫ് കോഴ്സ്, വിദേശകപ്പലുകൾ, വൻകിട ഫ്ളാറ്റുകൾ മുതലായവക്കു വിൽക്കുന്നതാണ് ഇതിലെ പദ്ധതികൾ, തുറമുഖങ്ങൾ, പൊതുഭൂമി, കടലിൽ നിന്നും മണൽ, കടലോരത്ത് നൂറുകണക്കിന് റിസോർട്ടുകൾ, ലോഹമണൽ, മെഡിക്കൽ കോളേജിലെ സ്പെഷ്യാലിറ്റി വാർഡുകൾ, സർക്കാർ ആശുപത്രികളിലെ ലാബുകൾ തുടങ്ങിയവയാണ് വിൽപനക്കു വച്ചിരിക്കുന്നത്. ഇവയിലോരോന്നിന്റേയും രംഗത്ത് ശക്തമായ സമരങ്ങൾ ഉയർന്നുവരേണ്ടതുണ്ട്.

## സ്വകാര്യവൽക്കരണം

വെള്ളവും പ്രകൃതിവിഭങ്ങളുമെന്നപോലെ ആരോഗ്യവും വിദ്യാഭ്യാസവും സർക്കാർ കയ്യൊഴിയുകയാണ്. കേരളത്തിലെ ഉയർന്ന വൈദ്യുതിവിലയും കേന്ദ്രസർക്കാരിന്റെ തെറ്റായ ഇറക്കുമതി നയങ്ങളും മറ്റും മൂലം കേരളത്തിലെ മിക്ക വ്യവസായങ്ങളും തകർച്ചയിലാണ്. സർക്കാർ അധികജലമുണ്ടെന്നുപറഞ്ഞ് വിൽക്കാനൊരുങ്ങുന്ന പെരിയാറിലെ വെള്ളത്തിൽ ഇപ്പോൾത്തന്നെ (നവംബർ -ഡിസംബർ മുതൽതന്നെ) ഉപ്പുകലർന്നിരിക്കുന്നു. ശുദ്ധജല ഒഴുക്കുകുറഞ്ഞ് കടലിൽ നിന്നും ഓരുവെള്ളം കയറിയതിനാലാണിത്.

കാപ്രോലാക്ടം ഇറക്കുമതിയുടെ ഫലമായി സാമ്പത്തിക പ്രതിസന്ധിയിലായ ഫാക്ട്, കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമാണ്. ദക്ഷിണേന്ത്യക്കാവശ്യമായ രാസവളങ്ങൾ നിർമ്മിക്കുന്ന ഈ പൊതുമേഖലാസ്ഥാപനത്തെ തകർക്കാനും വിഴുങ്ങാനുമായി ബിർള, റിലയൻസ് തുടങ്ങിയ സ്ഥാപനങ്ങൽ പലതും ശ്രമം തുടങ്ങിയിട്ട് കുറച്ചുവർഷങ്ങളായി. കർഷകർക്കു സർക്കാർ നൽകിവന്നിരുന്ന സബ്സ്ഡികൾ, ലോകവ്യാപാരസംഘടനയുടെ ആജ്ഞയനുസരിച്ച് ഗണ്യമായി വെട്ടിക്കുറച്ചതും ഫാക്ടിന്റെ നിലനിൽപിനെ ബാധിച്ചു. ഇന്ത്യയിലെ നിർണായക പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റുതുലക്കാൻ പട്ടിക തയ്യാറാക്കിയപ്പോൾ അതിൽ ഫാക്ടിനേയുംപെടുത്തി. ഈ സ്ഥാപനം നഷ്ടത്തിലാണെന്നു വരുത്തി വിൽക്കാനാണുശ്രമം. ഫാക്ടിനെ രക്ഷിക്കാൻ വേണ്ട ഒരു പദ്ധതി പ്രധാനമന്ത്രി തന്നെ സമ്മതിച്ചിരുന്നതാണ്. എന്നാൽ നാലുവർഷമായിട്ടും അതിൽ ഒരു പുരോഗതിയുമില്ല. കക്ഷിരാഷ്ട്രീയ വ്യത്യാസങ്ങൾ മാറ്റിവച്ചുകൊണ്ട് മുഴുവൻ തൊഴിലാളി രാഷ്ട്രീയ സംഘടനകളും മിക്ക രാഷ്ട്രീയ കക്ഷികളും ചേർന്ന് **സേവ് ഫാക്ട്** എന്ന പ്രസ്ഥാനത്തിനു രൂപം കൊടുത്തുകൊണ്ട് സമരരംഗത്തിറങ്ങിയിരിക്കുകയാണ്. ഫാക്ടിന്റെ രണ്ടു ഡിവിഷനുകളിലായി ആറായിരത്തിലധികം തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട്. മറ്റനുബന്ധ സ്ഥാപനങ്ങളിലായി വേറെയും ആയിരങ്ങൾക്ക് ഉപജീവനമാർഗ്ഗമാണ് ഈ കമ്പനി. വിദേശ സാങ്കേതിക വിദ്യയുടെ സഹായമില്ലാതെ ഇന്ത്യയിൽ രാസവ്യവസായങ്ങൾ സ്ഥാപിക്കാൻ ആവശ്യമായ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ഫെഡോ (ഫാക്ട് ഇൻജിനീയറിംങ്ങ് ഡിസൈൻ ഓർഗനൈസേഷൻ) എന്ന സ്ഥാപനവും ഇതിനനുബന്ധമായിട്ടുണ്ട്. ആഗോളവൽക്കരണ സ്വകാര്യവൽക്കരണ നയങ്ങളുടെ ഇരയാണ് ഈ സ്ഥാപനം.

രാസവളത്തിന്റെ വിനിയോഗം സംബന്ധിച്ചും ഫാക്ടടക്കമുള്ള കമ്പനികൾ പെരിയാറിലെ ജലവും അന്തരീക്ഷവായുവും മലിനീകരിക്കുന്നതു കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ സംബന്ധിച്ചും തുറന്ന ചർച്ചകൾ നടത്തി പരിഹാരം കാണേണ്ടതുണ്ട്. എന്നാൽ ഇന്ന് ഏറ്റവും അടിയന്തിര പ്രാധാന്യമുള്ള വിഷയമെന്ന നിലക്ക് ഈ കമ്പനിയെ സ്വാകര്യ മേഖലക്കു വിട്ടുകൊടുക്കന്നതിനെ തടയാൻ നടത്തുന്ന സമരങ്ങളാണ് അനിവാര്യം. കമ്പനി സ്വകാര്യവൽക്കരിക്കപ്പെടുന്നതു കൊണ്ട്, ഇതുകൊണ്ടുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ കുറയുകയല്ല കൂടുകയാണുണ്ടാകുകയെന്നും നാം മനസ്സിലാക്കുന്നു. പെരിയാറിനെ വിഷമയമാക്കുന്നതിൽ സ്വകാര്യകമ്പനികൾ വഹിക്കുന്ന പങ്ക് ചെറുതല്ല. കരിമുകളിലെ കാർബൺ കമ്പനി നടത്തുന്ന മലിനീകരണത്തിനെതിരായി രണ്ടു പതിറ്റാണ്ടിലേറെയായി ജനങ്ങൾ സമരത്തിലാണ്.

സ്വകാര്യ വൽക്കരണത്തിനിരയായ കേരളത്തിലെ ആദ്യകേന്ദ്ര പൊതുമേഖലാസ്ഥാപനം മോഡേൺ ബ്രഡ് കമ്പനിയാണ്. വിലകുറച്ച് രോഗികൾക്കും മറ്റു ജനങ്ങൾക്കും പോഷകാംശം കൂടിയ ഭക്ഷണം നൽകാനുദ്ദേശിച്ചുകൊണ്ടാരംഭിച്ച ഈ സ്ഥാപനം ഇന്ന് ഹിന്ദുസ്ഥാൻ ലിവർ എന്ന ബഹുരാഷ്ട്രഭീമന്റെ കയ്യിലാണ്. കൊച്ചിയുടെയും ഇന്ത്യയുടെ തന്നെയും അഭിമാനമായ കൊച്ചിൻ ഷിപ്പ് യാർഡും ഏതു സമയവും സ്വാകാര്യവൽക്കിപ്പെടാമെന്ന അവസ്ഥയിലാണ്. ആയിരക്കണക്കിനു മനുഷ്യരുടെ ഉപജീവനമാർഗമായ ഈ സ്ഥാപനത്തെ മനപൂർവ്വം നഷ്ടത്തിലെത്തിച്ച് വിൽക്കാനാണ് ശ്രമം നടക്കുന്നത്.

## പേരിയ - കീടനാശിനി ബാധ

കേരളത്തിന്റെ വടക്കേയറ്റത്തുള്ള കാസർഗോഡ് ജില്ലയിലെ പേരിയയിൽ എൻഡോസൾഫാൻ എന്ന കീടനാശിനിയുടെ ബാധയേറ്റ് നൂറുകണക്കിനു കുടുംബങ്ങൾ ദുരിതമനുഭവിക്കുകയാണ്. പ്ലാന്റേഷൻ കോർപറേഷന്റെ കീഴിലുള്ള കശുമാവിൻ തോട്ടത്തിൽ ഹെലികോപ്റ്റർ വഴി വൻതോതിൽ എൻഡോ സൾഫാൻ അടിക്കാൻ തുടങ്ങിയിട്ട് വർഷങ്ങളായി. ആദ്യം ചെറിയ രോഗങ്ങളായി തുടങ്ങി ഇപ്പോഴത് ജനിതകതകരാറുകളും അർബുദമടക്കമുള്ള മാരകരോഗങ്ങളുമായി വളർന്നിരിക്കുന്നു. നിസ്സഹായരും നിരാലംബരുമായ ഇവിടുത്തെ ജനങ്ങൾക്ക് യാതൊരു വിധ ചികിത്സാ സഹായം പോലും നൽകാൻ സർക്കാർ തയ്യാറായിട്ടില്ലെന്നു മാത്രമല്ല കീടനാശിനി തുടർന്നും അടിക്കുക തന്നെയാണ്. കീടനാശിനിക്കു യാതൊരു തകരാറുമില്ലെന്ന

വിധത്തിലാണ് സർക്കാർ പ്രചരണം നടത്തുന്നത്. ശക്തമായ ജനകീയ സമരങ്ങൾ ഉയർന്നുവന്നപ്പോൾ ഒരു വർഷകാലത്തേക്ക് കീടനാശിനി പ്രയോഗം നിർത്തി വയ്ക്കാൻ മാത്രം സർക്കാർ തയ്യാറായി. എന്നാൽ ഈ കീടനാശിനി പ്രയോഗം സംസ്ഥാനത്തു നിരോധിക്കാനോ അതിനായി കേന്ദ്രസർക്കാരിന് അപേക്ഷ നൽകാനോ തയ്യാറല്ലെന്ന് സംസ്ഥാനഭരണകൂടം വ്യക്തമാക്കിയിട്ടുണ്ട്. വിദ്ഗ്ദ്ധ സമിതികൾ നടത്തിയ അന്വേഷണങ്ങളെല്ലാം ഇക്കാര്യം വ്യക്തമായി കണ്ടെത്തി യിട്ടുണ്ടെങ്കിലും കീടനാശിനി കമ്പനികളുടെ ശക്തമായ സ്വാധീനം മൂലമാണ് സർക്കാർ ഈ നിലപാടെടുക്കുന്നത്.

## കണ്ണൂർ താപനിലയം – വിമാനത്താവളം

എൻറോൺ പങ്കാളിത്തത്തോടെ മൂന്നുവർഷം മുമ്പ് കണ്ണൂരിൽ ഒരു താപനിലയം സ്ഥാപിക്കാൻ നടത്തിയ ശ്രമങ്ങളെ അന്നു സമര ത്തിലൂടെ ജനങ്ങൾ എതിർത്തു തോൽപ്പിച്ചിരുന്നു. അതുപോലെ തന്നെയാണ് കണ്ണൂരിലെ വിമാനത്താവളപദ്ധതിയും. ഈ രണ്ടു പദ്ധിതകളും വീണ്ടും നടപ്പിലാക്കാനുള്ള തീവ്രശ്രമത്തിലാണ് സങ്കുചിത ഭരണ രാഷ്ട്രീയ രംഗത്തുള്ളവർ ഏർപ്പെട്ടിരിക്കുന്നത്. താപവൈദ്യുതി അധികവിലയായതിനാൽ കേന്ദ്രപൊതുമേഖല സ്ഥാപനമായ എൻടിപിസി യുടെ കായംകുളം താപനിലയത്തിൽ നിന്നും വൈദ്യുതിയെടുക്കാൻ തയ്യാറാകാത്ത സർക്കാർ തന്നെ ബഹുരാഷ്ട്രകമ്പനിയുടെ പങ്കാളിത്തത്തോടെ കണ്ണൂരിൽ താപനിലയം സ്ഥാപിക്കാൻ അനുമതി നൽകിയിരിക്കുന്നു. ഇത് കേരളത്തിലെ വൈദ്യുതിമേഖലയെയാകെ തകർക്കും. കണ്ണൂർ വിമാനത്താവളം ആഗോള നിക്ഷേപ സംഗമത്തിൽ അവതരിപ്പിക്ക പ്പെട്ടിരിക്കുകയാണ്.

## കാർഷികമേഖല

നാണ്യവിളകളെ ആശ്രയിച്ചുവളർന്ന സംസ്ഥാനത്തെ കാർഷികമേഖല ഇന്ന് അതീവഗുരുതരാവസ്ഥയിലാണ്. തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായവില കിട്ടാതിരിക്കുകയും വൈദ്യുതിയും വെള്ളവുമടക്കമുള്ള വിഭവങ്ങൾക്ക് വിലവർദ്ധിക്കുകയും ചെയ്തതിനാൽ കർഷകർ ഏതാണ്ടു മുഴുവനായും കടക്കെണി യിലാണ്. കടാശ്വാസപദ്ധതികൾ കടലാസിൽ മാത്രമേയുള്ളൂ. ആഗോളവൽക്കരണത്തിന്റെ ഗുണവശങ്ങൾ ഉപോയഗിച്ചുകൊണ്ട് കർഷകരെ രക്ഷപ്പെടുത്താമെന്നു വീമ്പടിച്ചവർ ഇപ്പോൾ പുറകോട്ടുപോയിരിക്കുന്നു. ഈ നയങ്ങൾക്കെതിരായ സമരങ്ങൾ വൻ ഐക്യ നിരരൂപപ്പെടുത്തിക്കൊണ്ടുതന്നെ നടത്തണമെന്ന് കർഷക പ്രസ്ഥാനങ്ങൾതിരിച്ചറിയുന്നു.

## ആദിവാസി സമരങ്ങൾ

കേരളത്തിനു പൊതുവായുണ്ടായ സാമൂഹ്യപുരോഗതിയുടെ ചെറിയൊരംശംപോലും നേടാനാവാത്ത വിഭാഗമാണ് ആദിവാസികൾ. അവരുടെ ആവാസകേന്ദ്രങ്ങളും ജീവനോപാധികളുമായിരുന്ന കാടുകൾ ഏതാണ്ടു പൂർണമായും നശിച്ചുകഴിഞ്ഞു. തൊഴിലും വരുമാനവുമില്ലാതായ ആദിവാസികൾ പട്ടിണിമരണത്തിലാണ്. വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്ന വിവിധ ആദിവാസി ഗ്രൂപ്പുകൾ തമ്മിൽ യാതൊരു വിധ ഐക്യ സാദ്ധ്യതയുമില്ലാത്ത അവസ്ഥയാണുള്ളത്.

ആദിവാസിഗോത്രമഹാസഭ നടത്തിയ സമരം താൽക്കാലികമായി വിജയം നേടിയെന്നു തോന്നിച്ചുവെങ്കിലും സർക്കാർ വഞ്ചനാപരമായ നിലപാടുകളാണ് എടുത്തിട്ടുള്ളത്. ആദിവാസികൾക്കു നൽകാമെന്നു സർക്കാർ സമ്മതിച്ച ഭൂമിയുടെ ചെറിയൊരു ഭാഗം പോലും കൈമാറാൻ ഇതുവരെ കഴിഞ്ഞിട്ടില്ല.

## സൂപ്പർ ഹൈവേ

സർക്കാർ വൻവികസന പദ്ധതികളിലൊന്നായി മുന്നോട്ടു വയ്ക്കുന്ന ആറുവരിപ്പാത - കാസർകോട് മുതൽ തിരുവനന്തപുരം വരെയുള്ള ആക്സസ്കൺട്രോൾഡ് (പ്രവേശനം നിയന്ത്രിക്കപ്പെടുന്ന) എക്സ്പ്രസ് ഹൈവേ - വലിയൊരു ദുരന്തമായിമാറുമെന്നുറപ്പാണ്. 524 കിലോമീറ്റർ നീളമുള്ള ഈ ഹൈവേയിലേക്കു കടക്കാൻ 17 പ്രവേശന പോയിന്റുകളേയുള്ളൂ. കിലോമീറ്ററിന് ഒന്നോ രണ്ടോ രൂപ ടോൾ നൽകിയാലേ അതിലൂടെ പോകാനാവൂ. ബി ഒ ടി അടിസ്ഥാനത്തിൽ ഹൈവേ പണിത് പണം പിരിച്ച് വൻ ലാഭമുണ്ടാക്കാൻ ബഹുരാഷ്ട്രകമ്പനിക്ക് അനുവാദം നൽകുന്നതാണ് ഈ പദ്ധതി. കൊച്ചിയിലെ മട്ടാഞ്ചേരി പാലം നല്ല ഉദാരഹരണമാണ്. 30 കോടി മുടക്കിയ സ്വാകാര്യ ഏജൻസി 13 വർഷം കൊണ്ട് 900 കോടി രൂപ ജനങ്ങളിൽ നിന്നും പിരിച്ചെടുക്കുകയാണ്. അവശേഷിക്കുന്ന അപൂർവ്വം നെൽപാടങ്ങളും ജലസ്രോതസ്സുകളും വനപ്രദേശങ്ങളും മറ്റും നശിപ്പിച്ചുകൊണ്ടു നിർമ്മിക്കുന്ന ഈ ഹൈവേ സൃഷ്ടിക്കുന്ന സാമൂഹ്യ സാംസ്ക്കാരിക പ്രശ്നങ്ങൾ നിരവധിയാണ്.

## കരിമണൽ ഖനനം

ആലപ്പുഴക്കു തെക്കുള്ള കടലോരത്തെ വിലപിടിപ്പുള്ള കരിമണൽ (ധാതുമണൽ) ഖനനം ചെയ്യാൻ സ്വാകാര്യ സംരംഭകർക്ക് അനുവാദം നൽകാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. വെമ്പനാട്ടു

കായലിനും അറബിക്കടലിനുമിടയിൽ നേർത്തൊരുവരമ്പുപോലെ കിടക്കുന്ന കരിമണൽ ഖനനം ചെയ്യുന്നതുമൂലം ആ കരകളിലെ ജനങ്ങൾ ഇന്നു ഭീതിയിലാണ്. ഖനനം നടത്തിയാൽ സ്വാഭാവിക മണൽഭിത്തികൾ ഇല്ലാതായി കായലും കടലും ഒന്നാകും. സമുദ്രനിരപ്പിനു താഴെ സ്ഥിതിചെയ്യുന്ന ആലപ്പുഴ ജില്ല കടലെടുത്തുപോകാൻ പിന്നെ അധികം സമയം വേണ്ട. ഇപ്പോൾത്തന്നെ ദുരിതക്കയത്തിലാഴ്ന്നുകൊണ്ടിരിക്കുന്ന കയർ - മത്സ്യ മേഖലയിലെ തൊഴിലാളികൾക്ക് ജീവനോപാധികൾ നഷ്ടമാകും. കൊല്ലം ജില്ലയിലെ പൊന്മന, ആലപ്പാട്ട് ഗ്രാമങ്ങൾക്കുണ്ടായ ദുരന്തങ്ങൾ ഇവിടെയും ആവർത്തിക്കും. ഖനനാവശിഷ്ട ങ്ങളിൽനിന്ന് അണുവികരണ ബാധയേറ്റ് ഈ പ്രദേശത്തെ ജനങ്ങൾക്ക് പലതരം രോഗങ്ങൾ വരാനുള്ള സാദ്ധ്യതയും ഉണ്ട്.

## കടലൂറ്റി മണൽ വാരൽ

കേരളത്തിന്റെ തീരക്കടലിൽനിന്നും വൻതോതിൽ മണൽ ഖനനം ചെയ്തു ശുദ്ധീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്കു പയോഗിക്കാനെന്ന പേരിൽ കയറ്റുമതി ചെയ്യാനുള്ള ഒരു പദ്ധതി തയ്യാറാക്കിയിരിക്കുന്നു. ഇതും ആഗോള നിക്ഷേപക സംഗമത്തിലെ ഒരു പദ്ധതിയാണ്. കേരളത്തിന്റെ മത്സ്യസമ്പത്തിന്റെ ഉറവിടമായ ഭൂഖണ്ഡപ്പടി (കോണ്ടിനെന്റൽ ഷെൽഫ്)യിൽനിന്നുമാണ് ലക്ഷക്കണക്കിനു ടൺ മണലൂറ്റുന്നത്. അത് പത്തുലക്ഷത്തോളം വരുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതത്തേയും കേരളത്തിൽ നിന്നും കയറ്റുമതി ചെയ്യുന്ന 6.75 ലക്ഷം ടൺ മത്സ്യസമ്പത്തിനേയും സാധിക്കും. ഇത്ര കൂടിയ നിരക്കിലുള്ള മണൽ ശുദ്ധീകരിക്കുന്നതിന് ലക്ഷക്കണക്കിനു ലിറ്റർ ശുദ്ധജലം വേണം. കുടിക്കാൻ ശുദ്ധജലം കിട്ടാത്തതിനാൽ വിവിധ രോഗങ്ങൾക്കടിമകളായ ദരിദ്രമത്സ്യ ത്തൊഴിലാളികൾക്കും മറ്റ് തീരദേശ വാസികൾക്കും നൽകാതെ മണൽ ശുദ്ധീകരിക്കാൻ ഇത്രയധികം വെള്ളം കണ്ടെത്തുന്ന തെങ്ങനെ? വീണ്ടും കുഴൽക്കിണറിനെ ആശ്രയിക്കുകയാണെങ്കിൽ അത്യന്തം മാരകമായ ദുരന്തമാകും ഫലം.

## മത്സ്യമേഖല

കേരളത്തിന്റെ കടലിലും കായലുകളിലും ഉൾനാടൻ ജലാശയങ്ങളിലും നിന്ന് മത്സ്യബന്ധനം നടത്തി ജീവിക്കുന്ന ലക്ഷക്കണക്കിനു ജനങ്ങളുണ്ട്. മത്സ്യംവിപണനം, സംസ്ക്കരണം, ഗതാഗതം, തുടങ്ങിയ മേഖലകളും വലിയൊരു വിഭാഗം ജനങ്ങളുടെ ജീവനോപാധികളാണ്. കേരളീയരുടെ ആരോഗ്യ സംരക്ഷണത്തിൽ

മത്സ്യങ്ങൾക്കുള്ള പങ്ക് വളരെ വലുതാണ്. കയറ്റുമതിയിലൂടെ വൻവിദേശ നാണ്യശേഖരം സൃഷ്ടിക്കുന്നതാണ് ഈ മേഖല. പരമ്പരാഗതമായി ഈ മേഖലയെ ആശ്രയിച്ച് കടലോരങ്ങളിൽ ജീവിക്കുന്ന മത്സ്യത്തൊഴിലാളികളാണ് ഇവരിൽ ഏറ്റവും പിന്നോക്കമായും ചൂഷിതരായും ഇന്നും തുടരുന്നത്. പാരിസ്ഥിതിക തകർച്ചമൂലം നമ്മുടെ ജലാശയങ്ങൾക്കുണ്ടാകുന്ന നാശം ഏറെ ബാധിക്കുന്നതും ഈ ദുർബല വിഭാഗങ്ങളെയാണ്. ടൂറിസ്റ്റ് റിസോർട്ടുകളും സ്റ്റാർ ഹോട്ടലുകളും വരുന്ന സ്ഥലങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളി പുറത്താക്കപ്പെടുന്നു. കരിമണൽ, പൂഴി മണൽ ഖനനങ്ങൾ തുടങ്ങിയ പദ്ധതികളും മത്സ്യ സമ്പത്തിനേയും മത്സ്യ ത്തൊഴിലാളികളുടെ ആവാസ വ്യവസ്ഥകളേയും തകർക്കുന്നവയാണ്. തീരദേശ സംരക്ഷണത്തിനായിട്ടുണ്ടാക്കിയ നിയമങ്ങൾ(CRZ) നിരന്തര ലംഘിക്കപ്പെടുകയാണ്. ആഗോളവൽക്കരണ നയങ്ങളുടെ ദുഷ്ടഫലങ്ങൾ ഏറ്റവും നേരിട്ടനുഭവിക്കേണ്ടിവന്ന ഒരു വിഭാഗമാണ് പരമ്പരാഗത മത്സ്യ ത്തൊഴിലാളികൾ. യന്ത്രവൽക്കൃത ട്രോളറുകളും മത്സ്യസമ്പത്തിനെയാകെ തകർക്കുന്ന വലകളുമായി മത്സ്യബന്ധന ത്തിറങ്ങുന്ന വൻകിട ട്രോളറുകളും പുറം കടലിൽ വച്ചുതന്നെ മത്സ്യം പിടിച്ച് സംസ്ക്കരിച്ച് കൊണ്ടുപോകുന്ന വിദേശകപ്പലുകളും മത്സ്യസമ്പത്തിനെയാകെ കൊള്ളയടിക്കുകയാണ്. അഖിലേന്ത്യാ തലത്തിലും ഇത്തരം ഒട്ടേറെ സമരങ്ങൾ മത്സ്യമേഖലയിൽ നടക്കുന്നുണ്ട്. വർഗീയ ശക്തികൾ ഇടപെട്ട് ഈ മേഖലയിലെ ജനങ്ങളെ തമ്മിൽ ഭിന്നിപ്പിക്കുകയാണ്.

ഇനിയുടെ ഒട്ടേറെ മേഖലകളിൽ നടക്കുന്ന സമരങ്ങലും ബദൽ ശ്രമങ്ങളും പരാമർശനവിധേയമാക്കപ്പെടേണ്ടതുണ്ട്. കാർഷികരംഗത്ത് നടക്കുന്ന ജൈവകൃഷി അതിൽ പ്രധാനമാണ്. കേരളത്തിന്റെ വിവിധഭാഗങ്ങളിൽ ഈ രീതിയിൽ വളരെയേറെ മുന്നേറിയ വ്യക്തികളും ഗ്രൂപ്പുകളുമുണ്ട്. ബഹുരാഷ്ട്ര കുത്തകകളുടെ ഉൽപ്പന്നങ്ങൾക്കു ബദലായി സോപ്പ് തുടങ്ങിയ ഉപഭോഗ വസ്തുക്കൾ പ്രാദേശികമായി നിർമ്മിക്കുന്ന നൂറുകണക്കിന് സംഘടനകളും ഉണ്ട്. ബദൽ വിപണിയെന്ന സങ്കൽപം ഉയർത്തിക്കൊണ്ടുവരാൻ ശ്രമിക്കുന്ന സംഘടനകളുണ്ട്. മലയാളി മനസ്സിനെ മലിനമാക്കുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്ന വ്യവസ്ഥാപിത കുത്തകമാദ്ധ്യമങ്ങൾക്കു ബദലായി നിരവധി പരീക്ഷണങ്ങൾ നടക്കുന്നുണ്ട്. തദ്ദേശീയ

കലാരൂപങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി നടക്കുന്ന ശ്രദ്ധേയമായ പ്രവർത്തനങ്ങളുണ്ട്. വിദ്യാഭ്യാസരംഗത്ത് കനവ്, സാരംഗ് തുടങ്ങിയ പരീക്ഷണങ്ങളുണ്ട്. ഇവയോരൊന്നും പൊതു സമൂഹത്തിൽ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്.

സമരങ്ങളേയും ബദൽ ശ്രമങ്ങളേയും പരസ്പരം പരിചയപ്പെടുത്തുകയും അതുവഴി ഇവയെ ശക്തിപ്പെടുത്തുകുയം ചെയ്യുകയെന്നതിലൂടെ മാത്രമേ സമഗ്രമായ ഒരു സാമൂഹ്യരാഷ്ട്രീയ ദർശനവും അതു നടപ്പിലാക്കാൻ കഴിയുന്ന ജനാധിപത്യ സംഘടനാരൂപങ്ങളും ഉയർന്നുവരികയുള്ളു ഇതിനായി നടക്കുന്ന ഒരു ശ്രമമെന്ന നിലയിലാണ് ദേശ് ബചാവോ ദേശ് ബനാവോ (രാജ്യത്തെ രക്ഷിക്കൂ, രാജ്യത്തെ നിർമ്മിക്കൂ) എന്ന ഈ യാത്ര സംഘടിപ്പിച്ചിരിക്കുന്നത്.

- രാജ്യത്തെ രക്ഷിക്കൂ, രാജ്യത്തെ നിർമ്മിക്കൂ
- ജനങ്ങളാണ് കമ്പോളമല്ല പ്രധാനം
- വിദേശി വസ്തുക്കൾ ബഹിഷ്ക്കരിക്കുക
- നാടൻ ബദലുകൾ സൃഷ്ടിക്കുക
- ഇന്ത്യനാവുക, ഇന്ത്യൻ വാങ്ങുക
- വികേന്ദ്രീകരിക്കുക, ജനാധിപത്യവൽക്കരിക്കുക
- സമത്വം ലാളിത്യം സ്വാശ്രയത്വം സ്വാഭിമാനം
- പ്രകൃതിവിഭവങ്ങൾ ജനങ്ങളുടേതാണ്
- എല്ലാ ആധികാരങ്ങളും ജനങ്ങളിലേക്ക്
- ഭൂരഹിതർക്കു ഭൂമി നൽകുക
- പ്രതിരോധം, ശാക്തീകരണം, വിമോചനം
- വിദ്യാഭ്യാസവും ആരോഗ്യവും എല്ലാവർക്കും
- സുസ്ഥിരവും നീതിപൂർവ്വകവുമായ വികസനം
- ജലം വിൽപനച്ചരക്കല്ല
- പൊതുമേഖലകൾ സംരക്ഷിക്കുക
- ബഹുരാഷ്ട്ര കമ്പനികൾ ഇന്ത്യവിടുക
- വർഗീയതയും ആഗോളവൽക്കരണവും വേണ്ടേവേണ്ട
- പെപ്സി വേണ്ട, കോക്ക് വേണ്ട, വെള്ളം വേണം
- കോളക്കമ്പനികൾ ഇന്ത്യവിടുക
- നമ്മുടെ നാട്ടിൽ നമ്മുടെ ഭരണം,
- വർഗീയ ശക്തികൾ തുലയട്ടെ.
- സാമ്രാജ്യത്വം തുലയട്ടെ
- ജനാധിപത്യം പുലരട്ടെ